

# ആചാര്യന്മാരുടെ ഞായറാഴ്ച്ച : മത്താ 24 : 42-51

ഫാ.ഡോ.ടി പി ഏലിയാസ്

പൗരസ്ത്യഓർത്തഡോക്സ്സഭ ആരാധനാവർഷത്തിൽ മൂന്നു നോമ്പോടുകൂടി ആരംഭിക്കുന്ന നോമ്പ്കാലം എന്ന കാലഘട്ടത്തിൽ വലിയ നോമ്പും, നമ്മുടെ കർത്താവിന്റെകഷ്ടാനുഭവവും, ഉയിർപ്പും ഉൾപ്പെട്ടിരിക്കുന്നു. കഷ്ടാനുഭവാഴ്ചയുടെ ഒരു മുൻ ആസ്വാദനമാണ് മൂന്ന് നോമ്പ്.

മൂന്നുനോമ്പിനും അമ്പതുനോമ്പിനും ഇടയിലെ 'പതിനെട്ടാമിട' ദിനങ്ങളിൽ വരുന്ന രണ്ടു ഞായറാഴ്ചകൾ, ഭൗമിക വാസം വെടിഞ്ഞ ആചാര്യസ്ഥാനികളെയും വിശ്വാസികളുടെ സമൂഹത്തെയും സഭ അനുസ്മരിച്ച് മദ്ധ്യസ്ഥത അപേക്ഷിച്ചാണ് സഭ വലിയനോമ്പിലേക്ക് പ്രവേശിക്കുന്നത്. **നോമ്പ് ഒരു പോരാട്ടമാണ്.**

പൗരാണികകാലത്ത്, യുദ്ധത്തിനും, മറ്റ് സൽപ്രവർത്തികൾകൾക്കും മുമ്പ് പിതൃക്കളെ വണങ്ങി, അനുഗ്രഹം വാങ്ങുന്ന ഒരു പാരമ്പര്യമുണ്ട്. ഹൈന്ദവചരിത്രത്തിൽ, കുരുക്ഷേത്രയുദ്ധം ആരംഭിക്കുന്നതിന് മുമ്പ്, കൗരവ-പാണ്ഡവന്മാർ ജീവനോടിരിക്കുന്ന പിതാക്കന്മാരുടെ അനുവാദവും, മരിച്ചുപോയ പുണ്യാത്മാക്കളുടെ കാർന്നോന്മാരെ വിളിക്കുന്നചടങ്ങ് എന്നതിൽക്കൂടി ആശീർവാദവും വാങ്ങി, യുദ്ധത്തിൽ പ്രവേശിച്ചത്. ഈ ലോകത്തിന്റെ മോഹങ്ങളേയും പ്രലോഭനങ്ങളേയും അതിജീവിക്കുക എന്നത് മതാത്മകതയുടെ ഭാഗമാണ്.

ഈ ആഴ്ചയിൽ പൗരോഹിതധർമ്മം, മരണത്തെക്കുറിച്ചുള്ള നിതാന്ത ജാഗ്രത എന്നിവയായിരിക്കട്ടെ നമ്മുടെ ധ്യാനപീഠം.

പൗരോഹിത്യ ശുശ്രൂഷയ്ക്ക് മാനവരാശിയോളം പഴക്കമുണ്ട്. സ്നേഹത്തിന്റെയും സ്തുതിപ്പുകളുടെയും ബലികാഴ്ചകൾ അർപ്പിക്കുന്നവനാണ് പുരോഹിതൻ. ദൈവം മനുഷ്യനെ സൃഷ്ടിച്ച് പുരോഹിതധർമ്മം നിർവ്വഹിക്കുവാൻ ഭരമേല്പ്പിച്ചു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. പൗരോഹിത്യകർമ്മം അവന്റെ ഉണ്മയായിരുന്നു; സത്തയായിരുന്നു; മനുഷ്യത്വത്തിന്റെ അസ്തിത്വമായിരുന്നു.

ആദിമാതാപിതാക്കന്മാരുടെ പതനം മൂലം ഇതിന് മങ്ങലേൽപ്പിച്ചു എങ്കിലും മക്കൾക്ക് പൗരോഹിത്യ കർമ്മം അവകാശമായി ലഭിച്ചിട്ടുമുണ്ട്. (ഉല്പ. 4:3-5). ഈ പൈതൃക പൗരോഹിത്യം മോശവരെ പാരമ്പര്യമായി നിലനിന്നു. അഹറോന്യ പൗരോഹിത്യം, പൈതൃക പൗരോഹിത്യത്തിന്റെ തുടർച്ചയുമായി. ലേവ്യ ഗോത്രത്തെ പൗരോഹിത്യ കർമ്മത്തിനായി പ്രത്യേകം വേർതിരിച്ചു.. മോശ അതിന്റെ മഹാപുരോഹിതനും തലവനുമായിരുന്നു (പുറ, 29, 40:3-15). പെന്തിക്കോസ്തി ദിനം വരെയും ഇത് തുടർന്നു. ക്രിസ്തീയ പൗരോഹിത്യത്തിലും പൗരോഹിത്യത്തെപ്പറ്റിയുള്ള പഴയനിയമ ധാരണ തന്നെയാണ് പുതിയ നിയമത്തിലും. അതായത് പുരോഹിതനും മഹാപുരോഹിതനും (പുറ. 19-6, 1 പത്രോ. 2:5,9; എബ്രാ. 3:1), തൽഫലമായി പൗരോഹിത്യ ക്രമവും (എബ്രാ. 5:10) ക്രൈസ്തവ പൗരോഹിത്യത്തിനുണ്ട്.

വിശ്വാസികളായ നാം ഓരോരുത്തരും മാമ്മോദീസായിലൂടെ പുരോഹിതന്മാർ ആണ്. (1 പത്രോ 2:9, 10) പുരോഹിതന്മാർ വ്യക്തിപരമായി സ്വയം ആത്മീയ ബലികളായി സമർപ്പിക്കുന്നു, (റോമ.12:1) എന്നാൽ ലേവ്യർക്കായി പൗരോഹിത്യത്തെ ക്ലിപ്തപ്പെടുത്തിയതുപോലെ പ്രത്യേക പൗരോഹിത്യക്രമവും എല്ലാവർക്കും പുരോഹിതൻമാർ ആകാനുള്ള സാധ്യതയും ക്രിസ്തീയ പൗരോഹിത്യത്തിൽ ക്രമപ്പെടുത്തിയിട്ടുണ്ട്.

ആദി മാതാപിതാക്കന്മാരുടെ വീഴ്ച്ചയോടുകൂടി സൃഷ്ടാവായ ദൈവത്തിന്റെ സ്നേഹസാമീപ്യത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. മനുഷ്യത്വത്തിന്റെ പൂർണത നഷ്ടപ്പെടുത്തിയ ആദാമിൽ പൗരോഹിത്യത്തിന്റെ പരിപൂർണതയ്ക്കും പതനം സംഭവിച്ചു.

ദൈവസഹവാസത്തിൽനിന്നുള്ള പുറത്താക്കൽ മരണത്തേക്കാൾ ഭയാനകമാണ്. ഇമ്പങ്ങളുടെ പറുദീസയായ' ഏദൻതോട്ടത്തിൽ നിന്നുള്ള പുറത്താക്കൽ മരണം പോലെ മാരകമായ ഒന്നാണ്. ദൈവം കല്പ്പിച്ചു നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും' . (ഉത്പ: 2:17) അവർ ആ ഫലം തിന്നു. ആ ദിവസം അവർ മരിച്ചോ?

ഇല്ല.  ദൈവത്തിന്റെ വാക്ക് പാഴ്‌വാക്കോ? അല്ല. ഫലം തിന്ന ദിവസം ദൈവം അവരെ തോട്ടത്തിൽനിന്നു പുറത്താക്കി (ഉത്പ 3:23). ഉടമ്പടി സമൂഹത്തിൽനിന്നുള്ള ഈ പുറത്താക്കലിനെയാണ്  മരണം  എന്നു തിരുവചനം പഠിപ്പിക്കുന്നത്. Death is a banishment from the Covenant society.

ഒന്നാം ആദാം പ്രപഞ്ചത്തിന്റെ പുരോഹിതനായി വർത്തിക്കുന്നതിനു വീഴ്ച വരുത്തിയെങ്കിൽ,  രണ്ടാം ആദാം,  കന്യകമറിയാമ്മയിൽക്കൂടി മനുഷ്യപുത്രനായിത്തീർന്ന ദൈവപുത്രൻ വീണ്ടെടുത്തു. പൗരോഹിത്യത്തിന്റെ സത്തയും സാക്ഷാത്തായ ധർമ്മവുമെന്തെന്നു നിത്യപുരോഹിതനും, മല്ക്കീസദേക്കിന്റെ ക്രമപ്രകാരവുമുള്ള, നമ്മുടെ കർത്താവു സ്വജീവിതത്തിൽ  പ്രാവർത്തികമാക്കി.

വീണ്ടെടുക്കപ്പെട്ട സൃഷ്ടിയിൽ, ദൈവഹിതത്തിനനുരൂപമായിരൂപാന്തരം പ്രാപിക്കുന്ന   പുതിയആകാശത്തിലും, പുതിയഭൂമിയിലും  സ്വർഗ്ഗരാജ്യം അനുഭവവേദ്യമാക്കുകയാണ് പൗരോഹിത്യത്തിന്റെ മർമ്മവും ധർമ്മവും. കർത്താവിന്റെ മനുഷ്യാവതാരപ്രവർത്തനങ്ങളിൽക്കൂടി  സമാരംഭംകുറിച്ചു.  മനുഷ്യപുത്രരെ ദൈവികരാക്കുവാനും പ്രപഞ്ചത്തെ ദൈവോന്മുഖമാക്കുവാനുള്ള കർമ്മത്തിന്റെ നടുനായകത്വം വഹിച്ചു, സൃഷ്ടിയെ മുഴുവനും യാഗമായി, ആരാധനയായി അർപ്പിക്കുവാൻ ഒരുക്കുകയാണ് പൗരോഹിത്യത്തിന്റെ പദവിയും ചുമതലയും.

കർത്താവിന്റെ രണ്ടാമത്തെ വരവുവരെ, പുരോഹിതസ്ഥാനികൾ ക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമായി തുടർന്നു കൊണ്ടിരിക്കുന്നു. ശ്ലൈഹിക കൈവെപ്പു നേടി, അപ്പൻ മക്കളെയെന്നപോലെ ദൈവത്തിന്റെ സഭയെ പ്രബോധിപ്പിക്കുകയും, ഉത്സാഹിപ്പിക്കുകയും സാക്ഷ്യം പറയുകയും ചെയ്യേണ്ടവരാണ് ആചാര്യസ്ഥാനികൾ (1 തെസ്സ.2:11,12) ജീവിച്ചിരുന്നപ്പോൾ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചവർ നിദ്രപ്രാപിച്ച് തിരശ്ശീലക്കപ്പുറത്ത് സജീവരായിത്തന്നെ തുടരുമ്പോൾ, ആ പ്രാർത്ഥനയും തുടരുകതന്നെ ചെയ്യും. (തെസ്സ. 3:10)

ഇന്നത്തെ സന്ധ്യയുടെയും പ്രഭാതത്തിന്റെയും വേദഭാഗങ്ങളായ താലന്തുകളുടെ ഉപമകളിൽ ആചാര്യസ്ഥാനികൾ മാത്രമല്ല, മനുഷ്യരെല്ലാം വിവിധതരത്തിലും വിധത്തിലും എണ്ണത്തിലുമുള്ള താലന്തുകൾ ലഭിച്ചവരെക്കുറിച്ച്

പ്രതിപാദിക്കുന്നു. ഇല്ലാത്ത വരദാനങ്ങൾ ഉണ്ടെന്നു ഭാവിച്ചു കഴിയുന്നവരും ലഭിച്ചവയെ അവഗണിച്ചും തിരസ്ക്കരിച്ചും കഴിയുന്നവരും കുറവല്ല. താലന്തുകളുടെ എണ്ണമല്ല, എങ്ങനെ അവ വിനിയോഗിച്ചു എന്നുള്ളതാണ് എണ്ണപ്പെട്ടതായി യജമാനൻ കരുതുന്നത്. പ്രതിഫലത്തിനു യജമാനൻ നിശ്ചയിക്കുന്ന മാനദണ്ഡം വിശ്വസ്തതയോടെയുള്ള താലന്ത് വിനിയോഗമാണ്. മറിച്ച് അവയുടെ വലിപ്പമല്ല. താലന്തുകൾ ഉപയോഗിക്കുവാനുള്ളതാണ്; ദുരുപയോഗിച്ചാൽ നഷ്ടപ്പെടുകയും ചെയ്യും. താലന്തുകൾ ദൈവികദാനങ്ങളാണ്; അവ വിശ്വസ്തതയോടെ വിനിയോഗിച്ചാൽ നമുക്കു ലഭിക്കുന്ന സ്വർഗ്ഗീയ സന്ദേശം നല്ലവനും വിശ്വസ്തനുമായ ദാസാ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിൽ വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്നുള്ളതാണ്.

അർപ്പണബോധത്തോടും ആത്മാർത്ഥതയോടും ദൈവം ഭരമേൽപ്പിച്ച പൗരോഹിത്യ ശുശ്രൂഷ പൂർത്തീകരിക്കുവാൻ ആചാര്യന്മാർ ശ്രദ്ധിക്കേണ്ടതാണ്. പ്രവർത്തനത്തിൽ പാളിച്ചകൾ സംഭവിച്ചിരിക്കാം. പൂർണത കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന് വരാം. കഴിവിന്റെ പരിമിതിയിൽ എത്തിക്കുന്നതിൽ പരാജയപ്പെട്ടിരിക്കാം. അങ്ങനെ ശുശ്രൂഷകളിൽ കുറ്റവും കുറവും കടന്നുകൂടിയിട്ടുണ്ട് എങ്കിൽ ഇത് 'കടങ്ങൾ മോചിക്കുന്നതിനും പാപങ്ങൾ പരിഹരിക്കുന്നതിനും കരുണയുള്ളവനായ ദൈവത്തോട് അവർക്കുവേണ്ടിയും അപേക്ഷിക്കുവാൻ' ഉള്ളതായ ചുമതല വിശ്വാസികളായ ആരാധനാ സമൂഹത്തിനുണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

മനുഷ്യപുത്രന്റെ രണ്ടാമത്തെ വരവിനുവേണ്ടിയുള്ള നിതാന്ത ജാഗരൂകതയെക്കുറിച്ച് കർത്താവ് കൽപ്പിക്കുന്നത് ശ്രദ്ധേയമാണ്. രണ്ടാമത്തെ വരവ് ഒരു വിസ്മയം ആണ്. വിശ്വാസത്തിന്റെ പരീക്ഷണങ്ങളും, കാത്തിരിപ്പിന്റെ സ്ഥിരതയും.

1.കല്യാണവിരുന്നിൽ പങ്കെടുക്കാൻ പോയ ഗൃഹനാഥന്റെ തിരിച്ചുവരവ് :
അതായത് തിരിച്ചുവരുമെന്ന് ഉറപ്പാണെങ്കിലും സമയം നിശ്ചയമില്ല.

2.കള്ളന്റെ ആഗമനം വരവുപോലും അനിശ്ചിതമാണ്. സമയം തീർത്തും അനിശ്ചിതം.

അതിനാൽ, 'അര മുറുക്കി' കാത്തിരിക്കണം. ഇസ്രയേൽ ജനത്തിന്റെ മിസ്രേയീമിൽ നിന്നുള്ള പുറപ്പാട് (പുറ 12:11) ഓർമ്മ ഈ അരമുറുക്കുന്നതിൽ കാണാം. അരമുറുക്കി, ധൃതിയിൽ പെസഹാഭക്ഷണം കഴിക്കാൻ ദൈവം ആവശ്യപ്പെട്ടു. യാത്രയ്ക്കുള്ള ധൃതിയാണ്: വിമോചനത്തിന്റെ ജൈത്രയാത്രയ്ക്കുള്ള തയ്യാറെടുപ്പ്. യഹോവയുടെ വിളിക്കായി കാത്തിരുന്ന യഹൂദന്മാരെപ്പോലെ സഭയും കാത്തിരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. മരണം വഴി ദൈവത്തിന്റെ നാട്ടിലേക്ക് തിരിച്ചുപോയവരെക്കുറിച്ച് ധ്യാനിക്കുന്ന ഈ സമയത്ത് എന്താണ് മരണം എന്ന ഒരു തിരിച്ചറിവ് നമുക്ക് ഉണ്ടാകണം.

മരണം ഭീരുവിന് നൊമ്പരപ്പെടുത്തുന്ന ദീർഘശ്വാസവും നിരീശ്വരവാദിക്ക് നിത്യ ശൂന്യതയുമാണ്. നമ്മുടെ കർത്താവിന്റെ മരണത്തിലേക്കുള്ള പ്രവേശനം ആരംഭിച്ചത് ആഘോഷങ്ങളുടെ അകമ്പടിയോടെയാണ്. അതായത് ഓശാന പാടി, വസ്ത്രങ്ങൾ വഴിയിൽ വിരിച്ചും ഒലിവിന്റെ ശാഖകൾ വീശിയും ആയിരങ്ങൾ അദ്ദേഹത്തെ വരവേറ്റു. മരണം കർതതാവിന് ഒരു ഉറക്കമാണ്. യേശു ഒരിക്കലും മരണത്തെ മരണം എന്ന് വിശേഷിപ്പിച്ചില്ല. ബാലിക മരിച്ചിട്ടില്ല ഉറങ്ങുകയാണ്. . ലാസർ മരിച്ചിട്ടില്ല ഉറങ്ങുകയാണ˘. ഉറക്കം ഒരിക്കലും മരണമല്ല. ഉറക്കം വീണ്ടും മിഴി തുറക്കുവാനുള്ളതാണ്.

ശ്രീബുദ്ധൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഏറ്റവും നല്ല ധ്യാനം മരണത്തെക്കുറിച്ചുള്ളതാണ്". അത് നമുക്കോരോരുത്തർക്കും ബാധകമാണ്. ഒരു ഭക്തന്റെ പ്രാർത്ഥന ജോസ് മാണിപറമ്പിൽ എഴുതിയ 'ഇനിയും പിറക്കാത്തവചനം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'ഈയുള്ളവൻ' കിടക്കാൻ പോകുന്നതിനുമുമ്പ് ചെയ്യുന്ന ഒരു കർമ്മമുണ്ട്. കട്ടിലിന്നരികിൽ മുട്ടുകുത്തി, കൈകൾവിരിച്ചു പിടിച്ചു ചില പ്രാർത്ഥനകൾ ചൊല്ലും. അതുകഴിഞ്ഞു രണ്ടുപേരെ ക്ഷണിക്കും കൂടെ കിടക്കാൻ. ഒന്ന്, യേശുക്രിസ്തു. അവനോട് എന്റെ വലതുവശത്തു കിടക്കാൻ ആവശ്യപ്പെടും പിന്നെ മരണത്തെ ക്ഷണിക്കും എന്റെ ഇടതുവശത്തു കിടക്കാൻ. അങ്ങനെ ജീവന്റെയും മരണത്തിന്റെയും മധ്യത്തിലാണ് എല്ലാ രാത്രികളിലും ഉറക്കം. ഒന്നുകിൽ ജീവനിലേക്ക്, അല്ലെങ്കിൽ മരണത്തിന്റെ

മടിത്തട്ടിലേക്കാണ് നേരം പുലരുമ്പോൾ ഉണർന്നെണീക്കുക!.

ഉപസംഹരിക്കട്ടെ, വിശേഷാൽ അഭിഷേകം ചെയ്യപ്പെട്ട Speciallly Ordained Ministry ആചാര്യസ്ഥാനികളെപ്പോലെ ക്രൈസ്തവ പൊതുപൗരോഹിത്യത്തിൽ ഉൾപ്പെട്ട സമസ്ത ദൈവമക്കളും നിതാന്ത ജാഗ്രതയുള്ളവരാണ്. അതായത് ഞാൻ തിരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിതവർഗ്ഗം എന്ന അവബോധവും മരണത്തിൽക്കൂടി ജീവനിലേക്ക് പ്രവേശിക്കുവാനുള്ള നിതാന്ത ജാഗ്രതയും പുലർത്തണം. ദൈവം സഹായിക്കട്ടെ.